24-09-2021

FRIDAY

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –24/09/2021

1. കൃഷിവകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും ശാക്തീകരണ ശൃംഖല ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനും കോഴിക്കോട് ജില്ലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. നൂതന പദ്ധതികൾ താഴെ പറയുന്നു.

a) കണ്ടെയ്നർ മോഡ് പ്രൊക്യുർമെന്റ് ആൻഡ് പ്രോസസ്സിംഗ് സെന്റർ.

b) പഴം പച്ചക്കറികൾ, മറ്റു കാർഷിക വിഭവങ്ങൾ എന്നിവ സംഭരിച്ച്, ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിച്ച് ഉൽപാദന മേഖലയിൽ നിന്നും വിപണന ശൃംഖലയിലേക്ക് എത്തിക്കുന്നതിനായി ഊഷ്മാവ്/താപ നിയന്ത്രണ സൗകര്യമുള്ള വാൻ വാങ്ങുന്നതിനുള്ള പദ്ധതി.

c) കാർഷിക ഉൽപ്പന്നങ്ങളായ പഴം, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗ വിളകൾ, നാളികേരം എന്നിവയുടെ മൂല്യവർദ്ധി ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതി.

d) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായുള്ള ധനസഹായ പദ്ധതികൾ താഴെ പറയുന്നു.

1) കണ്ടെയ്നർ മോഡ് പ്രോക്യുർമെന്റ് പ്രോസസിംഗ് സെന്റർ സിസിഎംപിസി പദ്ധതി പ്രകാരം (CCMPC) പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് 50% (പരമാവധി 4.5 ലക്ഷം രൂപ) ആണ് ധനസഹായം. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾ അപേക്ഷകരായി ഇല്ലാത്തപക്ഷം സ്റ്റാർട്ടപ്പുകൾ/കുടുംബശ്രീയൂണിറ്റുകൾ/ഹോർട്ടികോർപ്പുകൾ എന്നിവരെയും ഗുണഭോക്താക്കളായി പരിഗണിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2) പഴം പച്ചക്കറികൾ മറ്റു കാർഷിക വിഭവങ്ങൾ എന്നിവ സംഭരിച്ച് ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിച്ച് വിപണന ശൃംഖലയിലേക്ക് എത്തിക്കുന്നതിനായി ഊഷ്മാവ്/താപനിയന്ത്രണ സൗകര്യമുള്ള വാൻ വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് 50% (പരമാവധി 4 ലക്ഷം രൂപ) ആണ് സബ്സിഡി. പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾ തൽപരരാകാത്ത പക്ഷം സ്റ്റാർട്ട് അപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, എസ്.എച്ച്.ജി/എഫ്.പി.ഒ/പഞ്ചായത്തുകൾ/ ഇക്കോഷോപ്പുകൾ/ഹോർട്ടികോർപ്പ് എന്നിവർക്കും ഗുണഭോക്താക്കളാകാം.

3) കർഷകർക്ക്/കർഷകഗ്രൂപ്പുകൾക്ക്/എസ്.എച്ച്.ജി/എഫ്.പി.ഒ എന്നിവർക്ക് പഴം, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ/നാളികേരം എന്നിവയുടെ പ്രോസസ്സിംഗ്/മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതിയിൽ 50% ആണ് സബ്സിഡി തുക ബാക്കി തുകയിൽ 40% എസ്.എച്ച്.എം (SHM), സ്മാം (SMAM), പദ്ധതികളിൽ നിന്നും കണ്ടെത്താൻ വ്യവസ്ഥയുണ്ട്.

4) മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിന് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായ പദ്ധതിയിൽ പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റി/സ്റ്റാർട്ട് അപ്പുകൾ/എസ്.എച്ച്.ജി(SHG)/എഫ്.പി.ഒ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കാം. ആവശ്യാധിഷ്ഠിത ധനസഹായം പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നൽകുക.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും കൃഷിഭവൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവയുമായി ബന്ധപ്പെടേണ്ടതാണ്.

2. ജനകീയസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്നം കൃഷിഭവൻ പരിധിയിൽ വരുന്ന വെറ്റിലക്കർഷകർക്ക് ജൈവവളം ഉപയോഗിക്കുന്നതിന് സഹായം നൽകുന്നു. കർഷകർ ആനുകൂല്യത്തിനായി കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കണമെന്ന് വള്ളികുന്നം കൃഷിഓഫീസർ അറിയിച്ചു. തന്നാണ്ട കരം രസീതി, ബാങ്ക് പാസ്സ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പ് അപേക്ഷകർ ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക് 9447566615 എന്ന നമ്പരിൽ ബന്ധപ്പെടുക.

# FARM INFORMATION BUREAU


Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


3. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഇന്നു കൂടെ (സെപ്റ്റംബർ 24) **മുള്ളൻകൊല്ലി** ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ വൈകീട്ട് 5 വരെയാണ്. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായോ **9495478744, 9074520868** എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

4. തിരുവനന്തപുരം പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 24-ന്) പാറശ്ശാല ഇ.എം.എസ് ഹാളിൽ വച്ച് കർഷകർക്കായി **സംരഭകത്വ സംഗമം** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് മൃഗപരിപാലനം, ആട് വളർത്തൽ, മാലിന്യ നിർമ്മാർജ്ജനം, സംരംഭകർക്ക് ബാങ്ക് ലോൺ വിശദാംശങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണെന്നും പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചു.

**പരിശീലന പരിപാടികൾ**

5. **സ്റ്റേറ്റ്** അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ നാളെ (25/09/2021-നു) ഉച്ചക്ക് 3 മണി മുതൽ **ഹൈഡ്രോപോണിക്സ്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്

6. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്ന് (24.09.2021) രാവിലെ 11 മണിക്ക് **ശാസ്ത്രീയ പശുപരിപാലനം-ശാസ്ത്രീയ തീറ്റക്രമം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് https:/meet.google.com/esm-uyaj-pni എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ പരിശീലനത്തിൽ പ്രവേശിക്കാം.

കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിലോ dtcalathur@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (24.09.2021) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ (രസഗുള, രസമലായ്)** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിസിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഏകദിന ഓൺലൈൻ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നു. ഒരു വ്യക്തിക്ക് 300 രൂപയാണ് ഫീസ്. ഏകദിന പരിശീലന ക്ലാസിൽ നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങളെപ്പറ്റിയുള്ള വിവരങ്ങളും അഞ്ച് ഉൽപ്പന്നങ്ങളുടെ വീഡിയോ ഡെമോൺസ്ട്രേഷനും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484-2679680** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ** എന്നിവയിൽ ഈ മാസം 29,30 (സെപ്റ്റംബർ 29, 30) തീയതികളിൽ രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. **റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ** എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.